LIBRARY ARCHIVES Kerala Legislative Assembly

ട്രോളിംഗ് നിരോധനം

29 (*179) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുമേൽ 61 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കിയതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

കേന്ദ്ര ഗവൺമെന്റിന്റെ 10-4-2015-ലെ 30035/15/97 FY(T-1) Vol.IV നമ്പർ ഉത്തരവ് പ്രകാരം വെസ്റ്റ് കോസ്റ്റിൽ (പടിഞ്ഞാറൻ മേഖലയിൽ) ടെറിട്ടോറിയൽ വാട്ടേഴ്സിനു പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത്. ഇക്കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ ദൂരത്ത് മത്സ്യബന്ധനം നടത്തുന്നതിന് വിലക്കില്ല. മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാരിന്റെ തീരുമാനം ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കരുത് എന്നുള്ള കാര്യം കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ നേരിട്ടു കണ്ടും പ്രസ്തുത വിഷയം അവതരിപ്പിച്ചു. എന്നാൽ 61 ദിവസം മാറ്റി 47 ദിവസമാക്കണമെന്നുള്ള കേരളത്തിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടില്ല. ഈ കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് വിലക്കില്ല എന്ന് പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് തീരദേശ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

മത്സ്യസമൃദ്ധി പദ്ധതി

30 (*180) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസമൃദ്ധി പദ്ധതി നടപ്പാക്കിവരുന്നുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്.

(ബി) 2012-2015 കാലയളവിൽ ഉൾനാടൻ മത്സ്യോല്പാദനം നിലവിലുള്ള 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി ഉൾനാടൻ മത്സ്യോല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുക, പദ്ധതി കാലയളവിൽ കർഷക പങ്കാളിത്തത്തോടെ കേരളത്തിലെ ജലകൃഷിക്ക് അനുയോജ്യമായ 12000 ഹെക്ടർ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിച്ച് ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിച്ച് ഈ മേഖലയിൽ ആവശ്യാനുസരണം മത്സ്യം ലഭ്യമാക്കുകയും അതുവഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും അതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയായിരുന്നു മത്സ്യസമൃദ്ധി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പദ്ധതി നടപ്പിലാക്കിയതിലൂടെ 2012-2015 വരെയുള്ള കാലയളവിൽ ആകെ 102516.712 ടൺ മത്സ്യം ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതി സമയബന്ധിതമായി നടപ്പാക്കിയതോടെ കൂടുതൽ ജനപങ്കാളിത്തത്തോടെ സംസ്ഥാനത്ത് 12224 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 930 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി പദ്ധതി നടപ്പിലാക്കിയതിലൂടെ ഏകദേശം 69000-ത്തോളം കർഷകർ ഗുണഭോക്താക്കളാവുകയും അതുവഴി 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ടു. വടക്കൻ ജില്ലകളിൽ കല്ലുമ്മേക്കായയുടെ ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കു ന്നതിനും പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(സി) 1. കളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി

2. പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലേയും മത്സ്യകൃഷി

3. പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി.

4. കരിമീൻ വിത്തുല്പാദന-വില്പന യൂണിറ്റുകൾ

5. കുളത്തിലെ കരിമീൻ കൃഷി

6. കൂടുകളിലെ കരിമീൻ കൃഷി

7. കൂട്ട കൃഷി മാതൃകാ യൂണിറ്റുകൾ .

LIBRARY ARCHIVES Kerala Legislative Assembly

8. ഞണ്ട്/കല്ലുമ്മേക്കായ കൃഷി
9. പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
10. അടുക്കളകുളങ്ങൾ
11. മാതൃകാ മത്സ്യകൃഷി ഫാമുകൾ
12. കൃഷി/കന്നുകാലി സംയോജിത മത്സ്യ ഫാമുകൾ
13. പടുതാക്കുളങ്ങളിലെ മത്സ്യകൃഷി
14. മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ സംരംഭങ്ങൾ
15. മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന വികസനങ്ങൾ
16. മത്സ്യകർഷക ക്ലബ്ബുകളുടെ ശാക്തീകരണം
17. മത്സ്യകർഷക ക്ലബ്ബുകൾക്ക് പ്രവർത്തന മൂലധനം നൽകൽ (ഒറ്റത്തവണ)
18. മികച്ച കർഷകർക്ക് അവാർഡ് വിതരണം സംസ്ഥാനതലം, ജില്ലാതലം
19. മത്സ്യകർഷക വികസന ഏജൻസികൾക്ക് (എഫ്.എഫ്.ഡി.എ.) മണ്ണ്, ജല പരിശോധന കിറ്റുകൾ നൽകൽ
20. മത്സ്യകൃഷി പരിപാലന/ബോധവൽക്കരണ പരിപാടികൾ
21. സൗജന്യ വിള ഇൻഷ്വറൻസ്
22. മികച്ച കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം
23. കർഷകർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ.

(ഡി) നിലവിലുള്ള പദ്ധതികളെക്കാൾ കൂടുതൽ ഘടക പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടും ഉൾനാടൻ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ പ്രയോജനകരമായ രീതിയിൽ മത്സ്യസമൃദ്ധി II എന്ന പേരിൽ 2015-2018 (3 വർഷം) വർഷത്തിൽ പുതിയൊരു പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിന് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥരേയും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ, കർഷകരിൽ നിന്നും അപേക്ഷ സ്വീകരിക്കൽ, ജലാശയങ്ങളുടെ സർവ്വേ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly